

31-12-2021

FRIDAY വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer’s Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 31/12/2021

1. ക്രിസ്തുമസ്-പുതുവത്സര സീസൺ കണക്കിലെടുത്ത് കൃഷിവകുപ്പിന് കീഴിലുള്ള വിപണികളെല്ലാം നാളെ (ജനുവരി 1 ) വരെ ക്രിസ്മസ് വിപണികളായി പ്രവർത്തിക്കുന്നതാണ്.

2. പച്ചക്കറികൃഷിയിൽ സ്വയം പര്യാപതത കൈവരിക്കുവാനും, വീട്ടുവളപ്പിലെ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി **'ഞാനും കൃഷിയിലേക്ക്'** എന്ന കാമ്പയിൻ 2022 ജനുവരി ഒന്നാം തീയതി മുതൽ ആരംഭിക്കുകയാണ്. കാമ്പയിന്റെ ഭാഗമായി കേരള കാർഷിക സർവകലാശാലയുടെ വിജ്ഞാന വ്യാപന ഡയറക്ടറേറ്റ് ഒരു വിജ്ഞാന വ്യാപന വിപണനമേള സംഘടിപ്പിക്കുന്നു. പച്ചക്കറികൃഷി ഓരോ കുടുംബത്തിന്റെയും ഉത്തരവാദിത്വമാണ് എന്ന ഓർമപ്പെടുത്തലാണ് ഈ വിപണന മേളയുടെ ഉദ്ദേശ്യലക്ഷ്യം . മേള നാളെ (ജനുവരി 1) മുതൽ 3 വരെ രാവിലെ 10 മുതൽ വൈകിട്ട് 9 മണി വരെ പ്രവർത്തന സജ്ജമായിരിക്കും. ജനുവരി 2 ഞായറാഴ്ചയും തുറന്ന് പ്രവർത്തിക്കുന്നതായിരിക്കും. മൂവായിരത്തോളം പച്ചക്കറി വിത്ത് പാക്കറ്റുകൾ സൗജന്യമായി പൊതുജനങ്ങൾക്കും, കർഷകർക്കും ഈ ദിവസങ്ങളിൽ വിതരണം ചെയ്യുന്നതായിരിക്കും. സർവ്വകലാശാലയിൽ നിന്നും ഉത്പാദിപ്പിച്ച വിവിധ തരം വിത്തുകൾ ഇടകലർത്തിയ ഒരു **വിത്ത് പാക്കറ്റാണ്** ഓരോ കൃഷിക്കാരനും സൗജന്യമായി നൽകുന്നത്. കൂടാതെ മേളയുടെ ഭാഗമായി മണ്ണുത്തിയിലുള്ള പ്രദർശനത്തോട്ടം കാണുന്നതിനും, മറ്റ് വിത്തുകൾ, നടീൽ വസ്തുക്കൾ, അലങ്കാര ചെടികൾ, മൂല്യ വർധിത ഉല്പന്നങ്ങൾ, ജൈവനിവേശങ്ങൾ എന്നിവ വാങ്ങുന്നതിനുമുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്.

3. കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര ഫോറസ്ട്രി കോളേജിൽ ഐ സി എ ആർ ധനസഹായ പ്രോജക്ടിലേക്ക് കരാർ അടിസ്ഥാനത്തിൽ റിസർച്ച് അസ്സോസിയേറ്റ് തസ്തികയിൽ നിയമനം നടത്തുന്നതിനായി **ജനുവരി 3 -നു രാവിലെ 10 മണിക്ക് വാക് ഇൻ ഇന്റർവ്യൂ** നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് www.kau.in/www.forestry.kau.in സന്ദർശിക്കുക.

4. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 45 ദിവസം പ്രായമായ അത്യുൽപാദനശേഷിയുള്ള **ബി.വി 380, ഗ്രാമശ്രീ** എന്നീ ഇനത്തിൽപ്പെട്ട



വാർത്ത ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

കോഴിക്കുഞ്ഞുങ്ങൾ 160 രൂപ നിരക്കിൽ വിൽപനയ്ക്ക് ലഭ്യമാണ്. താൽപര്യമുള്ളവർ **9400483754** എന്ന നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

5. കേരളത്തിന്റെ ഭൂപ്രകൃതിക്കും, കൃഷിക്കും, കാലാവസ്ഥയ്ക്കും അനുയോജ്യമായ നവീന കാർഷിക യന്ത്രങ്ങൾ വികസിപ്പിക്കുന്നതിൽ വ്യാപൃതരായവരുടെ സമാഗമം മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് 2022 ഫെബ്രുവരി മാസം സംഘടിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് ഇവർ വികസിപ്പിച്ചെടുത്ത നൂതന കാർഷിക യന്ത്രങ്ങളുടെ പ്രദർശനവും സംഘടിപ്പിക്കുന്നതാണ്. ഈ സമാഗമത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള നൂതന കാർഷിക യന്ത്ര നിർമാതാക്കളോ / ഗ്രൂപ്പുകളോ 2022 ജനുവരി 15 നു മുമ്പായി കാർഷിക യന്ത്രവൽക്കരണ മിഷനിലേക്ക് spokksasc1@gmail.com എന്ന ഇമെയിൽ വിലാസത്തിലോ **8281200673** എന്ന വാട്ട്സ് അപ്പ് നമ്പരിലോ ബന്ധപ്പെടുക.

6. കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിന് സഹായകരമായ സാങ്കേതിക വിദ്യകൾ കർഷകരിലേക്ക് നേരിട്ട് എത്തിക്കുക വഴി കാർഷികോൽപാദനവും വാർഷിക വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വയനാട് കൃഷി വിജ്ഞാന കേന്ദ്രവും ആത്മ വയനാടും ഇന്ന് (ഡിസംബർ 31) വരെ സാങ്കേതിക വിദ്യാവാരം **'പ്രതീക്ഷ 2021'** സംഘടിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് ഇന്ന് (31.12.2021) പാഷൻ ഫ്രൂട്ട്, വാഴ എന്നീ വിളകളുടെ ശാസ്ത്രീയ വിളപരിപാലന മുറകളുമായി ബന്ധപ്പെട്ട സെമിനാറും ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് **04936 260411** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. പൗൾട്രി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാമിൽ നിന്നും ഒരു ദിവസം പ്രായമായ **ഗ്രാമശ്രീ** ഇനത്തിൽപ്പെട്ട പൂവൻകോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **949500092** എന്ന നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

8. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **കോഴി വളർത്തൽ, ആടു വളർത്തൽ, മുയൽ വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലന

പരിപാടികൾ സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **9400483754** എന്ന നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. അവസാന തീയതി ജനുവരി 5 ആണ്.

9. കേരള ഹോർട്ടികോർപ്പിന്റെ ആഭിമുഖ്യത്തിൽ തൃശൂർ ജില്ലയിലെ മൂളളൂക്കര കൃഷിഭവനിലും അളഗപ്പ കൃഷിഭവനിലും ജനുവരി 3,4 തീയതികളിൽ രണ്ട് ദിവസത്തെ **തേനീച്ച വളർത്തൽ** പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു. ഈ പരിശീലന ക്യാമ്പിൽ 40 കർഷകർക്ക് പങ്കെടുക്കാം. പങ്കെടുക്കുന്ന കർഷകർക്കു ഹോർട്ടികോർപ്പ് സർട്ടിഫിക്കറ്റ്, സബ്സിഡി നിരക്കിൽ തേനീച്ച കോളനികൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കും. രണ്ടു ദിവസത്തെ തുടർ ഫീൽഡ്തല പരിശീലനവും, 3 ദിവസത്തെ തേനധിഷ്ഠിത ഉത്പന്ന നിർമ്മാണ പരിശീലനവും, ഖാദി ബോർഡിൽ നിന്നും സംരംഭകത്വ സബ്സിഡിയും താൽപര്യമുള്ള കർഷകർക്ക് ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9447910989** എന്ന നമ്പരിൽ ബന്ധപ്പെടുക.

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.), **മോളിക്യുലർ ബയോളജി & ബയോടെക്നോളജി ടെക്നിക്സിൽ** സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ ജനുവരി 20-ന് ആരംഭിക്കുന്ന കോഴ്സിന്റെ കാലാവധി മൂന്നു മാസമാണ്. ഏതെങ്കിലും ജീവശാസ്ത്ര ശാഖകളിൽ ബിരുദമോ ബിരുദാനന്തര ബിരുദമോ ഉള്ളവർ, ഗവേഷകർ, മോളിക്യുലാർ ബയോളജിയുമായോ ബയോടെക്നോളജിയുമായോ ബന്ധപ്പെട്ട മേഖലകളിൽ ജോലികളിൽ ഏർപ്പെടാൻ താൽപര്യമുള്ളവർ തുടങ്ങിയവർക്കെല്ലാം കോഴ്സിൽ ചേരാം. കോഴ്സ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ training@rubberboard.org.in എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.